(ബി) ആലുവ നിയോജക മണ്ഡലത്തിൽ ഇതുവരെ സാമൂഹ്യക്ഷേമ വകുപ്പ് മുഖേന എത്രപേർക്ക് വികലാംഗ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) വികലാംഗ സർട്ടിഫിക്കറ്റ് ലഭിക്കാത്തവർക്ക് അത് നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പ് നൽകുന്ന തിരിച്ചറിയൽ കാർഡ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, കെ. പി. എസ്. സി, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവർ പൊതു ആധികാരിക രേഖയായി അംഗീകരിക്കണമെന്ന് 30-11-2010-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 86/2010/സാക്ഷേവ പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) 1797 പേർക്ക്

(സി) വികലാംഗ സർട്ടിഫിക്കറ്റ് ഇതുവരെ ലഭിക്കാത്തവർക്ക് മെഡിക്കൽ കോളേജ്/ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ നിലവിലുള്ള മെഡിക്കൽ ബോർഡുകളെ സമീപിച്ച് സർട്ടിഫിക്കറ്റ് എടുക്കാവുന്നതാണ്.

**വികലാംഗർക്ക് തിരിച്ചറിയൽ കാർഡ്**

**83 (680)** ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വികലാംഗരുടെ സർവ്വേ നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) എല്ലാ വികലാംഗർക്കും തിരിച്ചറിയൽ കാർഡും സർട്ടിഫിക്കറ്റും നൽകുന്നതിനുള്ള പദ്ധതി സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്നുണ്ടോ ;

(സി) എങ്കിൽ ഇതിനായി കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിച്ച ഫണ്ടിന്റെ വിശദാംശവും കാർഡ് നൽകുന്നതിനുള്ള മൊത്തം ചെലവും വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ വികലാംഗർക്ക് കേന്ദ്ര സംസ്ഥാന ഫണ്ടുപയോഗിച്ച് മുമ്പ് തിരിച്ചറിയൽ കാർഡ് നൽകിയിരുന്നോ ; എങ്കിൽ എത്ര പേർക്ക് നൽകിയിട്ടുണ്ടെന്നും ഏത് ഏജൻസിയാണ് ആ പദ്ധതി നടപ്പിലാക്കിയതെന്നും എന്തു തുക ചെലവായെന്നും വ്യക്തമാക്കുമോ ;

(ഇ) മുമ്പ് കാർഡ് ലഭിച്ചവർക്ക് വീണ്ടും കാർഡ് നൽകുന്നുണ്ടോ ; എങ്കിൽ രണ്ട് കാർഡിനും നിശ്ചയിച്ചിട്ടുള്ള ഉപയോഗം വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പ് വികലാംഗരുടെ സർവ്വേ നടത്തിയിട്ടില്ല. 2001 സെൻസസ് പ്രകാരം സംസ്ഥാനത്ത് 8.30 ലക്ഷം വികലാംഗരുള്ളതായി കണക്കാക്കുന്നു.

(ബി) ഉണ്ട്.

(സി) സാമൂഹ്യക്ഷേമ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും 6.2 കോടി രൂപ ഇതിനായി മിഷന് നൽകിയിട്ടുണ്ട്. ഇതിനായി ഇതുവരെ 5.47 കോടി രൂപ ചെലവായിട്ടുണ്ട്.

(ഡി) സംസ്ഥാന ഫണ്ട് ഉപയോഗിച്ച് വികലാംഗക്ഷേമ കമ്മീഷണറേറ്റിൽ നിന്നും KELTRON വഴിയാണ് മുമ്പ് തിരിച്ചറിയൽ കാർഡ് നൽകിയിരുന്നത്. 1,37,072 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിയിരുന്നു. ചെലവായ തുക സംബന്ധിച്ച് വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഇ) ഇല്ല. എന്നാൽ മുമ്പ് കാർഡ് ലഭിച്ചവർ 18 വയസ്സിന് താഴെ ഉള്ളവരാണെങ്കിൽ അവർക്ക് 18 വയസ്സ് തികയുന്ന മുറയ്ക്ക് കാർഡ് പുതുക്കി നൽകുന്നുണ്ട്. കാലാവധി തീർന്നവർക്ക് വീണ്ടും മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് പ്രകാരം കാർഡ് നൽകിയിട്ടുമുണ്ട്. സർക്കാർ ഉത്തരവ് (പി) നമ്പർ 86/2010/സാക്ഷേവ തീയതി 30-11-2010 പ്രകാരം ഈ തിരിച്ചറിയൽ കാർഡ് കേന്ദ്ര സംസ്ഥാന സർക്കാരുകൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കീഴിലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സംസ്ഥാന സർക്കാരിന്റെ പൊതു ആധികാരിക രേഖയായി മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണെന്നും വിവിധ വകുപ്പുകൾ നൽകുന്ന ആനുകൂല്യങ്ങൾ അനുവദിക്കുന്നതിന് വികലാംഗത്വം തെളിയിക്കുന്നതിന് മറ്റ് സർട്ടിഫിക്കറ്റുകൾ ആവശ്യപ്പെടുന്നത് വികലാംഗർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതിനാൽ ഒഴിവാക്കേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്.

**കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി**

**84 (681)** പ്രൊഫ. എൻ. ജയരാജ് :

ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര ഗവൺമെന്റ് സഹായത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഏതൊക്കെ ജലസേചന പദ്ധതികളാണ്. നിലവിലുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ പദ്ധതികൾ ഓരോന്നും ഇപ്പോൾ ഏതു ഘട്ടങ്ങളിലാണെന്ന് വ്യക്തമാക്കുമോ ?